(സി) ഓരോ പദ്ധതിക്കും വേണ്ടി അനുവദിച്ച തുകയുടെ ഇനം തരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) ഏകദേശം 6 മാസത്തിനകം ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പ്രസ്തുത വികസന പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കളമശ്ശേരി വരാപ്പുഴ എന്നീ പി. എച്ച്. സി.-കളെ നബാർഡ് ധനസഹായത്തോടെയുള്ള പി. എച്ച്. സി. വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

132 [3525] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളുടെ വികസന പദ്ധതിയിൽ ആലുവ നിയോജക മണ്ഡലത്തിലെ കളമശ്ശേരി, വരാപ്പുഴ എന്നീ പി. എച്ച്. സി.-കളെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഈ രണ്ട് പി. എച്ച്. സി.-കളേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ രണ്ടു പി. എച്ച്. സി.-കളേയും കൂടി പ്രസ്തുത വികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ഉൾപ്പെടുത്തിയിട്ടില്ല.

(സി) കളമശ്ശേരി, വരാപ്പുഴ എന്നീ പി. എച്ച്. സി.-കളെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം തേടുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ 23-11-2003-ൽ സമർപ്പിച്ച നിർദ്ദേശം ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരമല്ലാത്തതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് തിരിച്ചയച്ചിരിക്കുകയാണ്. അതിനാൽ നബാർഡ് പദ്ധതയിൽ പ്രസ്തുത നിർദ്ദേശം ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) നബാർഡ് ഇതു സംബന്ധിച്ച് വീണ്ടും നിർദ്ദേശം ക്ഷണിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly